ഹാസ്യവീക്ഷണം

# ആടു പുരാണം

## സുധീർ പണിക്കവീട്ടിൽ




"മേ..മേ..."

മുനീറെ ഇയ്യ് ആട്ടുംകൂട് അടച്ചില്ലേ? എന്താണ്ടാ മുറ്റത്ത് ഒരാടിന്റെ ശബ്ദം.

ബാപ്പാ, അത് ഞമ്മടെ ആടല്ല. അത് അമേരിക്കയിൽ നിന്നാണു.

അമേരിക്കയിൽ ആടുണ്ടോ?

അമേരിക്കയിൽ ആടുണ്ട്, ബാപ്പാ. കൊളമ്പസ് അമേരിക്കയിലേക്ക് ആടിനെ കൊണ്ട് വന്നു. പിന്നെ ആടിനെ അങ്ങോട്ട് കയറ്റ്മതി ചെയ്തിരുന്നു. അങ്ങനെ അവിടെ ആടുകൾ നിറഞ്ഞു.

ഞമ്മ ബിചാരിച്ചു ഓൻ തിരിച്ച് പോയപ്പം ആടിനേം കൊണ്ട്പോയീന്നു.

ബാപ്പാ. അതൊക്കെ എത്ര കൊല്ലം മുമ്പത്തെ കാര്യ, ഇത് ആ ആടിന്റെ പേരക്കുട്ടികൾ

ഈ നേരത്ത് ഞമ്മടെ വീട്ടുമുറ്റത്ത് എന്തിനാണ്ട അമേരിക്കന്റെ ആട് കരേണത്.

ബാപ്പ, ഈ ആട് ഇമ്മടെ അറബി നാട്ടിൽ നിന്നും പോയതാണു. അതിനു അറബി മാത്രല്ലേ തിരിയുള്ളു ഇംഗ്ലീഷ് കേട്ട് കരണതാവും .പിന്നെ ഇമ്മടെ പ്രിയ എഴുത്തുകാരൻ ബെന്യാമിൻ സാറിന്റെ മലയാളവും കുറേശ്ശെ ആടിനറിയാം

എന്നലും ഇത്ര ഓച്ചേലു ഈ ആട് എന്തിനു കരേണു. ഇങ്ങനെ കിടന്ന് ഒച്ച വയ്ക്കാതെ .അറിയാവുന്ന മലയാളത്തിൽ വച്ച് കാച്ചണം. അവിടെ പെരുത്ത് മലയാളികൾ കാണുമല്ലോ.

ഈ ആട് ചില്ലറക്കാരനല്ല, അറബീന്റെ കൂട്ടത്തിൽ നിന്നും ഒരു മലയാളി പയ്യന്റെ കൂടെ ലോകം മുഴുവൻ ഓടി നടന്നു ഒത്തിരി ബഹുമതികൾ ഒക്കെ നേടിയ ആടാണു.

അമേരിക്കയിൽ ചെന്നപ്പോൾ ആടിനു വല്ലാത്ത സംഭ്രമം.

അതെന്താണ്ട.. മുനീറെ.. അതിനു അവിടെ തിന്നാൻ ഒന്നും കിട്ടിയില്ലേ?

അതല്ല ബാപ്പ അവിടെയുള്ള മലയാളികൾ ആടിന്റെ പുറകെ ഓടുകയാണു. (ഇമ്മടെ നടൻ ശ്രീനിവാസൻ അവരെ കോമാളികൾ എന്നു വിളിച്ചത് ബാപ്പാക്ക് ഓർമ്മയുണ്ടോ)

എന്തിനാ അവരു ആടിന്റെ പുറകെ ഓടുന്നത്. അതിനെ കശാപ്പ് ചെയ്യാനോ, വളർത്താനോ.

അതല്ല ബാപ്പാ, അമേരിക്കൻ മലയാളികൾക്ക് നാട്ടിൽ പേരും പെരുമയുമുള്ളവരെ കണ്ടാൽ അത് മനുഷ്യനായാലും മ്രുഗമായാലും (ഇപ്പോൾ പട്ടികളാണു ഹീറോകൾ) പിന്നെ ഹാലിളകും. സ്വന്തം തട്ടകത്തിൽ അതിനേക്കാൾ കേമമായത് ഉണ്ടെങ്കിലും കാണില്ല. പാമ്പായാലും നാട്ടിലെ മതിയെന്നാണു അവരുടെ ചിന്ത.
അവരെ സ്വീകരിക്കലാണു മുഖ്യ പരിപാടി. അതിന്നായി, ഉടുക്ക്, മദ്ദളം, ഇലത്താളം, ഇടക്ക, ചെണ്ടമേളം, താലപ്പൊലി, വെൺചാമരം, മുത്തുക്കുട.. പിന്നെ ഇമ്മടെ പണ്ടത്തെ കർക്കിടക പേമാരിപോലെ ഭാഷണങ്ങൾ.. ഒക്കെ നടത്തും.

ഈ ബഹളവുമായി അവരു ആടിനെ പുറകെ പോയോ...

പോയീന്നു മാത്രമല്ല അവർക്ക് ഒരു അക്കിടി പറ്റുകയും ചെയ്തു.

അമേരിക്കൻ മലയാളികൾ എല്ലാവരും എഴുത്തുകാരണെന്ന് ബാപ്പാക്കറിയോ. അവർക്ക് സംഘടനകളും കൂട്ടായ്മകളുമുണ്ടെങ്കിലും പരസ്പര സ്നേഹമില്ല.ു. ആരും ആരെയും അംഗീകരിക്കില്ല. അതു കൊണ്ട് അവരൊക്കെ ലോകരുടെ മുന്നിൽ പരിഹാസപാത്രങ്ങളാകുന്നു. സ്വന്തം കുടുംബത്തിലുള്ളവർ തന്നെ അവരെപ്പറ്റി കുറ്റം പറഞ്ഞ് നടന്നാൽ നാട്ടാരു അവരെ ബഹുമാനിക്കയില്ലല്ലോ.

മുനീറെ, നീ അമേരിക്കയിൽ നടക്കുന്ന കാര്യമൊക്കെ എങ്ങനെയറിയുന്നു.

അതിനല്ലേ, ഇൻേറണെറ്റ്, ബാപ്പ കേട്ട ആടിൻെറ കരച്ചിലൊക്കെ നമ്മുടെ കമ്പൂട്ടർ വഴിയാണു.

ഇപ്പോൾ ഇമ്മടെ ആടിനു എന്തുപ്പറ്റി. ഇപ്പോ അതിൻെറ ശബ്ദം കേൾക്കുന്നില്ലല്ലോ.

പാവം ആട്. അമേരിക്കയിലെ മലയാളി എഴുത്തുകാരുടെ രചനകൾ ആടു തിന്നുകൊണ്ടിരിക്കയാണു.

ആടിനു ബുദ്ധിയുണ്ട്,അമേരിക്കൻ മലയാളി എഴുത്തുകാരുടെ രചനയിൽ നിന്നു ഒരു ചെന്നായ ചാടിവീണാൽ ആടിൻെറ പണി തീരില്ലെ? അതൊന്നുമറിയാതെ പാവം ആടു അവരുടെ രചനകൾ ഒക്കെ തിന്നു.

ചെന്നായയുടെ കാര്യം വിടുക. അമേരിക്കൻ മലയാളി എഴുത്തുകാരുടെ രചനകളിലും നല്ല നല്ല ആടുകൾ ഉണ്ടായിരുന്നു. എന്തു ചെയ്യാം, എഴുത്തുകാർ തന്നെ കവലകളിൽ നിന്നു പരദൂഷണം പറഞ്ഞു അതിനെ പട്ടിയാക്കി. താനിരിക്കേണ്ടടിത്ത് താനിരുന്നില്ലെങ്കിൽ അവിടെ ആടു കയറിയിരിക്കും. ഇവിടെ ആടു കയറിയിരുന്നതല്ല, കേറ്റിയിരുത്തിയതാണു.

ആടിനൊക്കെ സ്വീകരണം കൊടുത്ത് സ്വന്തം വീട്ടിൽ കയറ്റിയിരുത്തിയാൽ ഇങ്ങനെയൊക്കെ സംഭവിക്കും.

"മേ...മേ...മേഏഏഏഏഏഏഏഏഏഏഏഏഏഏഏ"

മുനീറെ ആടു വീണ്ടും കരേണുണ്ട്.

അത് ആടല്ല ബാപ്പ അമേരിക്കൻ മലയാളി എഴുത്തുകാരാണു. അവരുടെ ക്രുതികൾ ആടു തിന്നതിൽ ദുഃഖിച്ച് ആടിനെ പോലെ കരയ്യാണു.

ഈ ആടിൻെറ പട്ടീടെം പുറകെ പോകാതെ അവർക്ക് അവിടെ അന്തസ്സായി കഴി ഞ്ഞുകൂടെ. അവരുടെ രചനകൾ ഉയർത്തിപിടിച്ച് നടന്നുകൂടെ. എന്തിനു ലോത്തിൻെറ ഭാര്യയെപോലെ തിരിഞ്ഞ് നോക്കി ഉപ്പുതൂണുകളാകുന്നു.

**ശുഭം**